**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി.ജസ്റ്റി എ.ക്ക് ഓവർസിയർ ഗ്രേഡ് III ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്തുകൊണ്ടുള്ള ചീഫ് എൻജിനീയറുടെ ഉത്തരവ് സാധൂകരിക്കുന്നത്.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.2746/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.10.2018

---

പരാമർശം:- 1. 28.06.2000 ലെ 5966/Adv.C3/2000/P & ARD നം.സർക്കുലർ.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.08.2018 ലെ ഇ 6-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3 ശ്രീമതി. ജസ്റ്റി എ. സമർപ്പിച്ച 17.09.2018 ലെ അപേക്ഷ

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.09.2018 ലെ ഇ 6-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.09.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

6 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.09.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് III ആയി തിരഞ്ഞെടുക്കപ്പെട്ടുകയും, തുടർന്ന് സൂചന 2 പ്രകാരം മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെട്ടുകയും ചെയ്ത ശ്രീമതി ജസ്റ്റി എ, ടിയാൾ ഇപ്പോൾ ജലസേചന വകുപ്പിൽ മൂന്നാം തരം ഓവർസിയറായി സേവനമനുഷ്ഠിച്ച് വരികയാണെന്നതിനാൽ, തൽസ്ഥാനത്ത് നിന്നും വിടുതൽ നേടുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതുകൊണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രവേശിക്കുന്നതിന് 06.11.2018 വരെ സമയം നീട്ടി നൽകണമെന്ന് സൂചന 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് സൂചന 4 പ്രകാരം 22.09.2018 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 06.11.2018 വരെ നീട്ടുന്നതിന് സൂചന 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ അപേക്ഷക 22.09.2018 ന് ജലസേചന വകുപ്പിൽ നിന്നും വിടുതൽ നേടുകയും, ടിയാളെ 24.09.2018 ന് ജോലിയിൽ പ്രവേശിപ്പിച്ചതായും സൂചന 6 പ്രകാരം ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്യുകയും സർക്കാർ തലത്തിൽ 24.09.2018 വരെ മാത്രമേ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം നീട്ടി നൽകേണ്ടതുള്ളൂ എന്ന് അറിയിക്കുകയും ചെയ്തു.

2. സൂചന 1 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് 45 ദിവസം വരെ സമയപരിധി നീട്ടിക്കൊടുക്കാൻ മാത്രമേ നിയമനാധികാരിക്ക് അനുവാദമുള്ളൂ

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി ജയ്സി എ. ക്ക് സർവീസിൽ പ്രവേശിക്കുന്നതിന് അനുവദിച്ച 45 ദിവസത്തെ സമയപരിധിക്ക് ഉപരിയായി മറ്റ് ഉത്തരവുകളുടെയോ സർക്കാർ നിർദ്ദേശങ്ങളുടെയോ അഭാവത്തിൽ സമയം വിനിയോഗിക്കാൻ അനുവദിച്ച് ടിയാളെ 24.09.2018 ന് സർവീസിൽ പ്രവേശിപ്പിച്ച തദ്ദേശസ്വയംഭരണ ചീഫ് എൻജിനീയറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത് വി.പി.**
അണ്ടർ സെക്രട്ടറി

1 ശ്രീമതി.ജയ്സി എ., ഓവർസിയർ ഗ്രേഡ് III(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.